# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2161 - 26.03.2013-ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ പൊതു കടം

| ചോദ്യം<br>ശ്രീ. എം. വി. ശ്രേയാംസ്കുമാർ | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കഴിഞ്ഞ രണ്ട് വർഷങ്ങളിലായി സംസ്ഥാനത്തിന്റെ പൊതുകടം എത്രയായി വർദ്ധിച്ചുവെന്ന് വ്യക്തമാക്കുമോ ; | 31.01.2013-ലെ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ താല്കാലിക കണക്കനുസരിച്ച് കഴിഞ്ഞ രണ്ട് വർഷങ്ങളിലായി സംസ്ഥാനത്തിന്റെ പൊതു കടത്തിൽ (കടബാധ്യത) 17756.86 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) കടബാദ്ധ്യത കുറച്ച് കൊണ്ട് വരുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | സംസ്ഥാനത്തിന്റെ റവന്യൂ ചെലവ് കുറച്ചുകൊണ്ടും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തി, പുതിയ നികുതി-നികുതിയേതര വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തിക്കൊണ്ടും, വികസനാവശ്യത്തിനായി വിവിധ ഏജൻസികളിൽ നിന്നും പൊതു വിപണിയിൽ നിന്നും എടുക്കുന്ന വായ്പകളിൽ 13-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള പരിധികൾ പാലിച്ചുകൊണ്ടും കൃത്യമായ സാമ്പത്തിക അച്ചടക്ക നടപടികളിലൂടെ അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും സംസ്ഥാനത്തിന്റെ കടബാധ്യത കുറച്ചുകൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. കൂടാതെ സംസ്ഥാനത്തിന്റെ പൊതുകടം കുറയ്ക്കുന്നതിനായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം 21.08.2004 ലെ ജി.ഒ(പി) നം. 384/04/ധന, 23.08.2007-ലെ ജി.ഒ.(പി) നം. 384/2007/ധന എന്നീ ഉത്തരവുകൾ പ്രകാരം ഒരു കൺസോളിഡേറ്റഡ് സിങ്കിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**